രൂപയോ യഥാർത്ഥ വിമാന യാത്രാ ടിക്കറ്റ് നിരക്കോ ഏതാണ് കറവ് എന്ന നിലയിൽ യാത്രാപ്പടി വാങ്ങാവുന്നതാണ്. അദ്ദേഹം 'യഥാർത്ഥ വിമാന യാത്രാ ടിക്കറ്റിന് പകരം 'യഥാർത്ഥ ഇക്കോണമി ക്ലാസ് വിമാന യാത്രാ ടിക്കറ്റെന്നാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അതിൽ ഗവൺമെന്റിന് വിയോജിപ്പില്ല. കാരണം ഇവിടെ മുഖ്യമന്ത്രി പോലും യാത്ര ചെയ്യുന്നത് ഇക്കോണമി ക്ലാസിലാണ്. അതുകൊണ്ട് പ്രവാസി ക്ഷേമനിധി ബോർഡ് മെമ്പർമാർ ഇക്കോണമി ക്ലാസിൽ യാത്ര ചെയ്താൽ മതിയെന്ന ഭേദഗതി അംഗീകരിക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ചട്ടം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

VII ക്രമപ്രശ്നം

ചട്ടം പിൻവലിക്കുന്നത് സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ : സർ, ദേവസ്വം ബോർഡ് റിക്രൂട്ട്മെന്റ് ഓർഡിനൻസ് 30-5-2015-നാണ് പ്രസിദ്ധീകരിച്ചത്. അത് 5-ാം നമ്പർ ഓർഡിനൻസാണ്. അത് ജൂലൈ 19-ാം തീയതി ലാപ്സായി. ജൂലൈ 19-ാം തീയതി ലാപ്സായ ആ ഓർഡിനൻസിന്റെ ചട്ടം കൊണ്ടുവരുന്നത് ലാപ്സാകുന്നതിന് 3 ദിവസം മുമ്പ് അതായത് ജൂലൈ 16-ാം തീയതിയാണ്. ഈ ഓർഡിനൻസ് റീപ്ലെയ്സ് ചെയ്ത ബിൽ ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. സബ്ജക്ട് കമ്മിറ്റിയുടെ മുമ്പിലുള്ള ബില്ലിന് സ്വാഭാവികമായും ഭേദഗതി കൊണ്ടുവരാം, ആ ബിൽ ആ രൂപത്തിൽത്തന്നെ കൊണ്ടുവരണമെന്നില്ല. സബ്ജക്ട് കമ്മിറ്റി കൊണ്ടുവരേണ്ട എന്ന് തീരുമാനിക്കുകയാണെങ്കിൽ അങ്ങനെയും ആകാം. അല്ലെങ്കിൽ ആ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിന് വേണ്ടി അയയ്ക്കണമെങ്കിൽ അതും ചെയ്യാം. എന്താണ് ബില്ലിൽ വരാൻ പോകുന്നതെന്ന് നമുക്കറിയാൻ സാധിക്കില്ല. അങ്ങനെയുണ്ടാക്കാൻ പോകുന്ന നിയമത്തിന് മുൻകൂട്ടി ചട്ടമുണ്ടാക്കുകയാണ്. ഓർഡിനൻസാണെങ്കിൽ ഇപ്പോൾ നിലവിലില്ല. അപ്പോൾ ഈ ചട്ടത്തിന് എന്ത് നിലനിൽപ്പാണുള്ളത് ? യഥാർത്ഥത്തിൽ അതീവ ഗുരുതര മായിട്ടുള്ള ഒരു പ്രശ്നമല്ലേ ഇത് ? ഉണ്ടാക്കാത്ത ഒരു നിയമത്തിന് മുൻകൂറായി ചട്ടമുണ്ടാക്കുകയാണ്. ഈ ചട്ടം പിൻവലിക്കണമെന്നതാണ് എന്റെ ക്രമപ്രശ്നം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം എ. കെ. ബാലൻ ഉന്നയിച്ചത്

LIBRARY ARCHIVES Kerala Legislative Assembly

2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസിന്റെ കീഴിൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് സർക്കാരിന് അധികാരമില്ലായെന്നുള്ളതാണ്. എന്നാൽ ഈ ക്രമപ്രശ്നത്തിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ ശരിയല്ലായെന്നുള്ളതാണ് വസ്തുത. കാരണം ഭരണഘടനയുടെ 213 (1) അനുച്ഛേദം അനുസരിച്ചാണ് ഗവർണ്ണർ ഓർഡിനൻസ് പുറപ്പെടുവിക്കുന്നത്. ഭരണഘടനയുടെതന്നെ 213 (2) അനുച്ഛേദപ്രകാരം ഗവർണ്ണർ പുറപ്പെടുവിച്ച ഒരു ഓർഡിനൻസിന് നിയമസഭ പാസ്സാക്കിയ ഒരു ആക്ടിനുള്ള പ്രാബല്യവും പ്രഭാവവും (effect and force) ഉണ്ടായിരിക്കുന്നതാണ്. ഭരണഘടനയുടെ 213 (2) അനുച്ഛേദത്തിന്റെ പ്രസക്തഭാഗം ഞാൻ ഇവിടെ വായിക്കാം. "ഈ അനുച്ഛേദ പ്രകാരം പ്രഖ്യാപിക്കുന്ന ഒരു ഓർഡിനൻസിന് ഗവർണ്ണറുടെ അനുമതി സിദ്ധിച്ചിട്ടുള്ള സംസ്ഥാനത്തെ നിയമനിർമ്മാണ മണ്ഡലത്തിലെ ഒരു ആക്ടിനുള്ള പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതാണ്". അതുകൂടാതെ 1125-ലെ ഇന്റർപ്രിട്ടേഷൻ ആന്റ് ജനറൽ ക്ലാസസ് ആക്ടിന്റെ വകുപ്പ് 2 (3) അനുസരിച്ചും ആക്ട് എന്ന നിർവ്വചനത്തിൽ ഓർഡിനൻസ് കൂടി ഉൾപ്പെട്ടുവരുന്നുണ്ട്. അതിനാൽ ഓർഡിനൻസിന്റെ കീഴിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾക്ക്, ആക്ടിന് കീഴിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾക്ക് ലഭിക്കുന്ന അതേ പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതാണ്. അതോടൊപ്പം തന്നെ പ്രസ്തുത ഓർഡിനൻസിലെ വകുപ്പ് 18 പ്രകാരം ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള അധികാരം സർക്കാരിന് നൽകിയിട്ടുള്ളതാണ്. അതിനുള്ള ഓർഡിനൻസിന്റെ വകുപ്പ് 18 അനുസരിച്ച് പുറപ്പെടുവിച്ച ചട്ടങ്ങൾ നിയമസാധുതയുള്ളതാണ്. അതുകൊണ്ട് അദ്ദേഹം ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ഓർഡിനൻസിന്റെ കാര്യത്തിൽ ഭരണഘടനയുടെ 213 (2) (എ) അനുച്ഛേദമനുസരിച്ച് പാസ്സാക്കുന്ന ഓരോ ഓർഡിനൻസിനും നിയമനിർമ്മാണ മണ്ഡലത്തിന്റെ പുനഃസമ്മേളനം മുതൽ 6 ആഴ്ച അവസാനിക്കുമ്പോൾ പ്രാബല്യമില്ലാതായിത്തീരുന്നതാണ്. ഈ നിയമസഭാ സമ്മേളന കാലത്ത് ഓർഡിനൻസ് പുനർ വിളംബരം ചെയ്യാൻ സാധ്യമല്ല. അതുകൊണ്ട് പ്രസ്തുത ഓർഡിനൻസിന് പകരം ഒരു ആക്ട് കൊണ്ടുവരുന്നതിനുള്ള ബില്ലിൽ ഓർഡിനൻസ് പ്രാബല്യത്തിലല്ലാതായി തീർന്നതിനുശേഷവും ആക്ട് പ്രാബല്യത്തിൽ വരുന്നതുവരെയും എടുത്ത കാര്യങ്ങൾക്കോ ചെയ്ത നടപടികൾക്കോ പ്രാബല്യം നൽകുന്നതിനായി ബില്ലിലെ 19-ാം ഖണ്ഡത്തിന് പകരമായി ഒരു സാധുകരണ വ്യവസ്ഥ ഉൾപ്പെടുത്തി ആക്ട് പാസ്സാക്കാവുന്നതാണ്. അതുകൊണ്ട് ഈ രണ്ട് ക്രമപ്രശ്നങ്ങളും നിലനിൽക്കുന്നതല്ല എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, ആകുിന് പകരം കൊണ്ടുവന്ന ഓർഡിനൻസിന് ചട്ടമുണ്ടാക്കാൻ സർക്കാരിന് അധികാരമില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. വി. എസ്. ശിവകുമാർ : സർ, ഓർഡിനൻസിന് ചട്ടമുണ്ടാക്കാൻ അധികാരമുണ്ട്. അതാണ് ഞാൻ ഭരണഘടന തന്നെ ഇവിടെ വായിച്ചത്.

ശ്രീ. എ. കെ. ബാലൻ : സർ, ആകുിന് പകരം ഓർഡിനൻസ് കൊണ്ടുവന്നാൽ ആകുിന് ചട്ടമുണ്ടാക്കുന്നതുപോലെതന്നെ ഓർഡിനൻസിനും ചട്ടമുണ്ടാക്കാം. പക്ഷേ, ഈ സഭയിൽ ഇപ്പോൾ ആ ഓർഡിനൻസ് ഇല്ലായെന്നുള്ളതാണ്. ആ ഓർഡിനൻസ് നിങ്ങൾ റീപ്ലെയ്സ് ചെയ്ത് ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചിരിക്കുകയാണ്. സബ്ജക്ട് കമ്മിറ്റിക്ക് അയച്ച ആ ബിൽ ഇവിടെ ചർച്ചചെയ്ത് പാസ്സാക്കിയതിനുശേഷം മാത്രമേ നമുക്ക് അതിന് ചട്ടമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ നമ്മുടെ ഹൗസിൽ ആ ഓർഡിനൻസോ നിയമമോ ഇല്ല. ബഹുമാനപ്പെട്ട സ്പീക്കർക്ക് അറിയാമല്ലോ, മുമ്പ് സഭ വെള്ളത്തിന്റെ സ്രോതസും വിതരണവും സംബന്ധിക്കുന്ന ഒരു ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു. ആ ബിൽ സബ്ജക്ട് കമ്മിറ്റി റിജക്ട് ചെയ്തു, വേണ്ടായെന്നുവച്ചു. അതുപോലെ ഈ ബിൽ വേണ്ടായെന്ന് വച്ചുകൂടേ ? അപ്പോൾ ബില്ലിന്റെ അവസ്ഥയെന്താണെന്ന് നമുക്കറിയില്ല. ഏത് രൂപത്തിലാണ് അതിന് ഭേദഗതി വരികയെന്ന് നമുക്കറിയില്ല. ഓർഡിനൻസിനെ ഉൾപ്പെടുത്തിക്കൊണ്ടുതന്നെയാണോ ബിൽ വരാൻ പോകുന്നതെന്ന് നമുക്കറിയില്ല. എത്രയോ ഭേദഗതിയുണ്ടാകും. ഇവിടെത്തന്നെ ഭരണകക്ഷിയും പ്രതിപക്ഷവും കൊണ്ടുവരുന്ന ഭേദഗതികൾ ചിലപ്പോൾ അംഗീകരിക്കും, ചിലപ്പോൾ അത് തള്ളിയെന്നുവരും. അതുകൊണ്ട് ഓർഡിനൻസിലുള്ള അതേ provision തന്നെയായിരിക്കും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ച ബിൽ തിരിച്ചുവരുമ്പോഴും ഉണ്ടാകുന്നതെന്ന് നമുക്ക് പറയാൻ കഴിയില്ല. അങ്ങനെ വരുമ്പോൾ ഇപ്പോൾ ലാപ്സായിട്ടുള്ള ഓർഡിനൻസിന് എങ്ങനെയാണ് ചട്ടം കൊണ്ടുവരുന്നത് ? ബഹുമാനപ്പെട്ട സ്പീക്കർ ഇത് ആലോചിക്കണം. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ കാര്യങ്ങൾ ആരോ എഴുതിക്കൊടുത്തതാണ്. ആ ചട്ടം നിലനിൽക്കില്ല.

ശ്രീ. വി. എസ്. ശിവകുമാർ : സർ, ഈ കാര്യത്തെക്കുറിച്ച് നിയമ വകുപ്പുമായി വിശദമായി ചർച്ച നടത്തി. 19-ാം തീയതി ഓർഡിനൻസിന്റെ കാലാവധി തീരുന്നു. ഈ ബിൽ 30-ാം തീയതിയാണ് സഭയിലെടുക്കുന്നത്. അതിലേയ്ക്കുവേണ്ടി ഒരു validation clause സബ്ജക്ട് കമ്മിറ്റി യോഗം കൂടി അപ്രൂവ് ചെയ്തിട്ടുണ്ട്. ഇനിയുള്ള

ദിവസങ്ങളിലെടുക്കുന്ന തീരുമാനങ്ങൾ retrospective effect-ൽ പ്രാബല്യത്തിൽ വരുത്താവുന്നതാണ്. അതുകൊണ്ട് ഇത് അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എ. കെ. ബാലൻ : സർ, ചട്ടമാണല്ലോ ഇപ്പോൾ പ്രാബല്യത്തിലുള്ളത്. അതിനനുസരിച്ച് മാറ്റമുണ്ടാക്കണോ ?

മി. സ്പീക്കർ : ഇതിപ്പോൾ ഇവിടെയൊരു ചർച്ചയാക്കണ്ട. ക്രമപ്രശ്നത്തെ സംബന്ധിച്ച് വളരെ വിശദമായും വ്യക്തമായും ബഹുമാനപ്പെട്ട എ. കെ. ബാലൻ പറഞ്ഞു. ബഹുമാനപ്പെട്ട മിനിസ്റ്റർ അതിനുള്ള മറുപടിയും പറഞ്ഞു. ഇനി അതിന് ചെയറിന്റെ റൂളിംഗ് ആണ് ആവശ്യം. പ്രസ്തുത ചട്ടങ്ങൾക്ക് നിലനില്പില്ല എന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്.

റൂളിംഗ്

മി. സ്പീക്കർ : 2015-ലെ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ് പ്രകാരം ചട്ടങ്ങൾ പുറപ്പെടുവിക്കുവാൻ സർക്കാരിന് അധികാരമില്ലായെന്നതാണ് ശ്രീ. എ. കെ. ബാലൻ ഉന്നയിച്ചിട്ടുള്ള ക്രമപ്രശ്നത്തിൽ ആദ്യം സൂചിപ്പിച്ചിട്ടുള്ളത്. പ്രസ്തുത ഓർഡിനൻസ് ജൂലൈ 19-ാം തീയതി ലാപ്സ് ആയതിനാൽ പ്രസ്തുത ചട്ടങ്ങൾക്ക് നിലനില്പില്ലായെന്നാണ് അദ്ദേഹം രണ്ടാമതായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഭരണ ഘടനയുടെ അനുച്ഛേദം 213 (2) പ്രകാരം ഗവർണ്ണർ പുറപ്പെടുവിച്ച ഒരു ഓർഡിനൻസിന് നിയമസഭ പാസ്സാക്കിയ ഒരു ആക്ടിനുള്ള പ്രാബല്യവും പ്രഭാവവുമുണ്ട്. 2015 ജനുവരി 9-ാം തീയതി പുറപ്പെടുവിച്ച 'കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസി'ന് നിയമസഭ ആരംഭിച്ച ജൂൺ 8 മുതൽ 6 ആഴ്ചത്തേയ്ക്ക് പ്രാബല്യവും പ്രഭാവവുമുണ്ട്. പ്രസ്തുത ഓർഡിനൻസിന് പ്രാബല്യം നൽകിയിരിക്കുന്നത് 2014 മാർച്ച് ഒന്നു മുതലാണ്. Interpretation and General Clauses Act 2 (3) വകുപ്പനുസരിച്ച് ആക്ട് എന്ന നിർവ്വചനത്തിൽ ഓർഡിനൻസുകൂടി ഉൾപ്പെടുന്നുണ്ട്. ആയതിനാൽ ഓർഡിനൻസിന് കീഴിൽ ശ്രീ. എ. കെ. ബാലന്റെ ക്രമപ്രശ്നത്തിന് നിലനിൽപ്പില്ല. ഓർഡിനൻസ് ജൂലൈ 19-ാം തീയതി ലാപ്സായ സാഹചര്യത്തിൽ അതിനുകീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങൾക്കും പ്രസ്തുത ദിവസം വരെ മാത്രമേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ. ഓർഡിനൻസിനുപകരം ഒരു ആക്ട് കൊണ്ടുവരുന്നതിനുള്ള ബില്ലിൽ, ഓർഡിനൻസ് പ്രാബല്യത്തിൽ ഇല്ലാതായതിനു ശേഷവും ആക്ട് പ്രാബല്യത്തിൽ വരുന്നതുവരെയും എടുത്ത കാര്യങ്ങൾക്കോ ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly